**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1919** **09-12-2022 - ൽ മറുപടിയ്ക്ക്**

**മാനന്തവാടിയിൽ റൂസ പദ്ധതി പ്രകാരമുള്ള കോളേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | റൂസ പദ്ധതി പ്രകാരം മാനന്തവാടിയിൽ അനുവദിച്ച കോളേജ് നാളിതുവരെ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായി പദ്ധതി നടപ്പാക്കുന്നതിനും അർഹമായ കേന്ദ്രവിഹിതം നേടിയെടുക്കുന്നതിനും വേണ്ടി, എല്ലാ നടപടിക്രമങ്ങളും സംസ്ഥാന സർക്കാർ പൂർത്തീകരിച്ചിട്ടുണ്ട്. ആദ്യ വിഹിത കേന്ദ്രഫണ്ട് ലഭിച്ചാൽ മാത്രമെ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. |
| (ബി) | പ്രസ്തുത കോളേജ് ആരംഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | റൂസ രണ്ടാം ഘട്ട പദ്ധതിയുടെ ഭാഗമായി വയനാട് ജില്ലയിൽ മാനന്തവാടി മണ്ഡലത്തിൽ അനുവദിച്ച മോഡൽ ഡിഗ്രി കോളേജുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും റൂസ സംസ്ഥാന കാര്യാലയത്തിന്റെ ഭാഗത്തുനിന്നും കേന്ദ്രവിദ്യാഭ്യാസ വകുപ്പിന് സമർപ്പിക്കേണ്ട വിശദ പദ്ധതിരേഖ (DPR) KSITIL തയ്യാറാക്കിയത് പ്രകാരം ഫണ്ട് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സഹിതം 31.05.2019 ൽ സമർപ്പിച്ചിരുന്നു. കോളേജിന് അനുവദിച്ച തുകയുടെ കേന്ദ്രവിഹിതത്തിന്റെ ആദ്യ ഗഡുവായ 3.6 കോടി രൂപയ്ക്ക് വേണ്ടിയുള്ള ശിപാർശ 30.09.2022 ന് വീണ്ടും നൽകിയിട്ടുണ്ട്.<br><br>02.11.2022ൽ ബാദ്ധ്യതാരഹിത ഭൂമി ലഭ്യമാക്കിയത് സംബന്ധിച്ചും നിർവ്വഹണ ഏജൻസിയെ സംബന്ധിച്ചും, അദ്ധ്യാപക അനദ്ധ്യാപക നിയമനവും അവരുടെ വേതനവും സംബന്ധിച്ചും കേന്ദ്രം ആവശ്യപ്പെട്ട വിവരങ്ങൾ ചെക്ക് ലിസ്റ്റ് സഹിതം നൽകിയിട്ടുണ്ട്. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിൽ നിന്നും അനുകൂല നടപടികൾ സ്വീകരിക്കുന്ന മുറയ്ക്ക് കെട്ടിടനിർമ്മാണം ഉൾപ്പെടെയുള്ള കോളേജിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത കോളേജ് ആരംഭിക്കുന്നതിനായി സർക്കാർ ഇനി എന്തെങ്കിലും നടപടികൾ ചെയ്യേണ്ടതായിട്ടുണ്ടോ; എങ്കിൽ അക്കാര്യം വ്യക്തമാക്കുമോ? | (സി) | (ബി)-യിൽ നൽകിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ